# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

**പതിമൂന്നാം കേരള നിയമസഭ**
പതിനൊന്നാം സമ്മേളനം
2014 ജൂലൈ 10, വ്യാഴം
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ - 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി |
| ജലവിഭവ വകുപ്പുമന്ത്രി |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി |
| പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി |

ഐ.ടി.ഐ. കളെ ഉൽകൃഷ്ട സ്ഥാപനങ്ങളാക്കാൻ പദ്ധതി

*631 ശ്രീ. കെ. ദാസൻ
,, എം. ചന്ദ്രൻ
ഡോ. കെ.ടി. ജലീൽ
ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ഐ.ടി.ഐ.കളെ ഉൽകൃഷ്ട സ്ഥാപനങ്ങളായി ഉയർത്താനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ നൽകാമോ ;

(ബി) പദ്ധതിയുടെ കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവും എത്രയാണെന്ന് അറിയിക്കാമോ ;

(സി) സംസ്ഥാനം ഇതിനായി നീക്കിവെച്ച തുകയെത്രയാണ് ; സംസ്ഥാന വിഹിതം വകയിരുത്താത്തതിനാൽ പദ്ധതി പ്രാവർത്തികമാക്കാൻ സാധിക്കുന്നില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗങ്ങളുടെ ഉന്നമനം</u>

*632 ശ്രീ. ബി. ഡി. ദേവസ്സി
,, എ. കെ. ബാലൻ
,, ബി. സത്യൻ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രഖ്യാപിക്കുന്ന പദ്ധതികളുടെ വിശദാംശം അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്കായി കഴിഞ്ഞ വർഷവും ഈ വർഷവും നീക്കിവച്ചിരുന്ന തുകയെത്രയെന്ന് അറിയിക്കുമോ ;

(സി) കഴിഞ്ഞ വർഷം നീക്കിവച്ചിരുന്ന തുകയുടെ പകുതിയിൽ താഴെമാത്രം ചെലവഴിക്കാനിടയായ സാഹചര്യം വിശദമാക്കുമോ ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

<u>പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ</u>

*633 ശ്രീ. കെ.വി. വിജയദാസ്
,, കെ. രാധാകൃഷ്ണൻ
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമട ട്രിബ്യൂണൽ ബില്ലിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ;

(ബി) ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭ്യമാക്കുന്നതിനായി നടത്തിയ ശ്രമങ്ങൾ വിശദീകരിക്കുമോ;

(സി) മുൻ കേന്ദ്രസർക്കാരിന്റെ ഇടപെടൽ കാരണമാണ് ബില്ലിന്മേലുള്ള തീരുമാനം വൈകിയതെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇക്കാര്യം സംബന്ധിച്ച് സംസ്ഥാന സർക്കാർ പുതിയ കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ടിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

ആയൂർവേദ കോളേജിലെ സൗജന്യ ചികിത്സ

*634 ശ്രീ. പി. റ്റി. എ. റഹീം
,, എം.എ. ബേബി
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആയുർവേദ കോളേജുകളിൽ ഏതെല്ലാം വിഭാഗങ്ങൾക്കാണ് സൗജന്യ ചികിത്സ അനുവദിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) എന്നു മുതലാണ് എ. പി.എൽ. വിഭാഗത്തിനു ചികിത്സാ ഫീസ് ഈടാക്കി തുടങ്ങിയതെന്ന് അറിയിക്കാമോ;

(സി) പ്രതിമാസ വരുമാനം 500 രൂപയിൽ താഴെയുള്ളവർക്ക് മാത്രം സൗജന്യ ചികിത്സ നൽകിയാൽ മതിയെന്ന പുതിയ ഉത്തരവ് പാവപ്പെട്ട രോഗികളെ ബുദ്ധിമുട്ടിക്കുമെന്നതിനാൽ ഉത്തരവ് പിൻവലിക്കാൻ തയ്യാറാകുമോ?

**കേരള നിയമസഭ**
**10.07.2014-ലെ മറുപടിക്ക്**

<u>വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളി പ്രശ്നങ്ങൾ</u>

*635 ശ്രീ. പി. തിലോത്തമൻ
,, വി. എസ്. സുനിൽ കുമാർ
,, മുല്ലക്കര രത്നാകരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശുപാർശയും നിർദ്ദേശങ്ങളും യുവജനകമ്മീഷനിൽ നിന്നും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിലെ പ്രധാനപ്പെട്ട ശുപാർശകളും നിർദ്ദേശങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ നിർദ്ദേശങ്ങളും ശുപാർശകളും നടപ്പാക്കുന്നതു സംബന്ധിച്ചുള്ള നിലപാട് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

<u>കേരള ഡാം സേഫ്റ്റി അതോറിറ്റിയുടെ പരിശോധന</u>

*636 ശ്രീ. ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
'' സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഡാം സേഫ്റ്റി അതോറിറ്റി പറമ്പിക്കുളം, തൂണക്കടവ്, പെരുവാരിപ്പള്ളം ഡാമുകൾ 12-05-2014 മുതൽ 14.05.2014 വരെയുള്ള തീയതികളിൽ പരിശോധിക്കുവാൻ ശ്രമിച്ചിരുന്നോയെന്നറിയിക്കുമോ;

(ബി) പ്രസ്തുത പരിശോധനയോട് തമിഴ്നാട് സർക്കാർ എങ്ങനെയാണ് പ്രതികരിച്ചതെന്ന് അറിയിക്കുമോ;

(സി) പരിശോധന നടത്താൻ വിസമ്മതം അറിയിച്ചുകൊണ്ട് തമിഴ്നാട് സർക്കാർ എന്തൊക്കെ കാരണങ്ങളാണ് ഉന്നയിച്ചത് എന്നറിയിക്കുമോ;

(ഡി) ഇപ്രകാരം വിസമ്മതം അറിയിച്ചത് എന്നാണ്; ഇക്കാര്യത്തിൽ എന്തൊക്കെ തുടർനടപടികൾ ഏതൊക്കെ തീയതികളിലായി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

അയിത്താചരണം

*637 ശ്രീ. പുരുഷൻ കടലുണ്ടി
,, എസ്. ശർമ്മ
,, എ. പ്രദീപ്കുമാർ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല ക്ഷേത്രങ്ങളിലും അയിത്താചരണം നിലനിൽക്കുന്നുണ്ടെന്ന മനുഷ്യാവകാശ കമ്മീഷന്റെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തിയിരുന്നോ; എന്തായിരുന്നു റിപ്പോർട്ട് എന്ന് അറിയിക്കാമോ;

(ബി) അയിത്താചരണം നടത്തുന്നവരെ മാതൃകാപരമായി ശിക്ഷിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>കുളങ്ങളുടെയും ചിറകളുടേയും സംരക്ഷണം</u>

*638 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, കെ.എൻ.എ. ഖാദർ
,, പി.ബി. അബ്ദുൾ റസാക്
,, പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുളങ്ങളും ചിറകളും സംരക്ഷിക്കുന്നതിന് ജലവിഭവ വകുപ്പിനു കീഴിൽ ഏതൊക്കെ പദ്ധതികളാണ് ഉള്ളത് എന്നതിന്റെ വിശദവിവരം നല്കുമോ ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ദേവാലയങ്ങൾ എന്നിവയുടെ കീഴിലെ കുളങ്ങൾ നവീകരിക്കുന്നതിനോ സംരക്ഷിക്കുന്നതിനോ പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) സംസ്ഥാനത്ത് ശുദ്ധജലാവശ്യത്തിന് ഉപയോഗപ്പെടുത്താവുന്ന എത്ര കുളങ്ങളും ചിറകളും ഉണ്ടെന്നതിന്റെയും ഓരോന്നിന്റെയും സംഭരണ ശേഷിയും സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതു സംബന്ധിച്ച വിവരശേഖരണം നടത്താൻ നിർദ്ദേശം നൽകുമോ?

## കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>സർക്കാർ ആശുപത്രികളിൽ മരുന്ന് ലഭ്യത ഉറപ്പുവരുത്താൻ നടപടി</u>

*639 ശ്രീ. എം. ഉമ്മർ
,, സി. മോയിൻകുട്ടി
,, സി. മമ്മൂട്ടി
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലേയ്ക്കുള്ള മരുന്ന് വിതരണത്തിൽ സന്തുലിത പാലിക്കാനും ആവശ്യാനുസരണം മരുന്ന് ലഭ്യത ഉറപ്പാക്കാനും എന്തൊക്കെ മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മരുന്നുകളുടെ വിനിയോഗം കാര്യക്ഷമമായി നടത്തുന്നതിനും സ്റ്റോക്ക് കാലാവധിക്കകം ഉപയുക്തമാക്കുന്നതിനും ഫെഫോ (ഫസ്റ്റ് എക്സ്പയറി ഫസ്റ്റ് ഔട്ട്) സമ്പ്രദായം എവിടെയെല്ലാം ഏർപ്പെടുത്തിയിട്ടുണ്ടെന്നും അവ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) ഡേറ്റ് എക്സ്പയറി ആകുന്ന മരുന്നുകൾക്ക് പകരം മരുന്നുകൾ യഥാസമയം ലഭിക്കുന്നു എന്നുറപ്പുവരുത്താനുള്ള മുൻകരുതലുകളെന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) 2013-ൽ എന്ത് തുകയ്ക്കുള്ള മരുന്നുകൾ ഡേറ്റ് എക്സ്പയറിയുടെ പേരിൽ സ്റ്റോക്കിൽ കുറവ് വരുത്തിയിട്ടുണ്ട്?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

മൂന്നാർ ടൂറിസം വികസന ഫണ്ട് വിനിയോഗത്തിലെ ക്രമക്കേട്

*640 ശ്രീ. രാജു എബ്രഹാം
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കെ. കെ. ജയചന്ദ്രൻ
'' എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ടൂറിസംകേന്ദ്രത്തിന്റെ വികസനത്തിനായി കേന്ദ്ര സഹായത്തോടെയുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ;

(ബി) കേന്ദ്ര സഹായം നഷ്ടപ്പെട്ടിട്ടുണ്ടോയെന്നും എങ്കിൽ നഷ്ടപ്പെടാനിടയാക്കിയ സാഹചര്യം എന്തായിരുന്നുവെന്നും വിശദമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് പരാമർശം വ്യക്തമാക്കാമോ;

(ഡി) മൂന്നരക്കോടിയോളം രൂപ അധികമായി തിരിച്ചടയ്ക്കാനിടയായതു പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇതു മറ്റു പദ്ധതികളുടെ പ്രവർത്തനത്തെ എങ്ങനെ ബാധിച്ചുവെന്ന് അറിയിക്കുമോ?

**കേരള നിയമസഭ**
**10.07.2014-ലെ മറുപടിക്ക്**

<u>സ്ത്രീകൾക്കും കുട്ടികൾക്കും വികലാംഗർക്കും</u>
<u>ശബരിമലയിൽ പ്രത്യേകദർശന സൗകര്യം</u>

*641 ശ്രീ. മുല്ലക്കര രത്നാകരൻ
,, ഇ. ചന്ദ്രശേഖരൻ
,, കെ. രാജു
ശ്രീമതി ഇ.എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും, കുട്ടികൾക്കും വികലാംഗകർക്കും ശബരിമലയിൽ പ്രത്യേക ദർശനസൗകര്യമൊരുക്കണമെന്ന് ഹൈക്കോടതി വിധിയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനോടൊപ്പം എന്തെല്ലാം നിർദ്ദേശങ്ങളാണ് ഹൈക്കോടതിയിൽനിന്നും ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) എത്ര സമയത്തിനുള്ളിൽ പ്രസ്തുത വിധി നടപ്പാക്കണമെന്ന നിർദ്ദേശമാണുണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കോടതിവിധി നടപ്പാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

വിദേശത്ത് തൊഴിൽ നേടുന്നതിന് പദ്ധതി

*642 ശ്രീ. വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, സി. പി. മുഹമ്മദ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി യുവാക്കൾക്ക് അംഗീകൃത ഏജൻസികൾ വഴി വിദേശത്ത് തൊഴിൽ നേടുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ആരെല്ലാമാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് പദ്ധതിയനുസരിച്ച് നൽകുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്ത് തുക നീക്കിവച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

ഔഷധനിയന്ത്രണ വകുപ്പിന്റെ പ്രവർത്തനം

*643 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ.വി. അബ്ദുൾ ഖാദർ
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഔഷധ നിയന്ത്രണ വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രതിവർഷം അയ്യായിരത്തോളം കോടി രൂപയുടെ മരുന്ന് വിറ്റഴിക്കപ്പെടുന്ന സംസ്ഥാനത്ത്, അവയുടെ ഗുണനിലവാരം ഉറപ്പാക്കിയ ശേഷമാണോ വിപണിയിൽ ലഭ്യമാക്കുന്നത്;

(സി) മരുന്ന് വിറ്റഴിച്ചശേഷം നടത്തുന്ന പരിശോധനാഫലത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; പരിശോധനാഫലം വരുന്നതിന് മുമ്പായിത്തന്നെ പ്രത്യേക ബാച്ച് മരുന്ന് വിറ്റഴിച്ച് തീരാനുള്ള സാദ്ധ്യത പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇതിനുപകരം വിശ്വാസയോഗ്യമായ ഗുണനിലവാര സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന ബ്രാൻഡഡ് മരുന്നുകൾ മാത്രമേ വിപണിയിലെത്തുന്നുള്ളൂ എന്നുറപ്പാക്കാൻ മൊത്തവിതരണ സ്ഥാപനങ്ങൾ കർശന പരിശോധനയ്ക്ക് വിധേയമാക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

108 ആംബുലൻസിന്റെ സേവനദാതാവായിരുന്ന 'സികിത്സ' യെ മാറ്റാനിടയായ സാഹചര്യം

*644 ഡോ. കെ. ടി. ജലീൽ
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
'' വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നേരത്തെ 108 ആംബുലൻസിന്റെ സേവനദാതാവായിരുന്ന സികിത്സ ഹെൽത്ത് കെയർ-നെ മാറ്റാനിടയായ സാഹചര്യം അറിയിക്കാമോ; അവർക്കെതിരെ സംസ്ഥാനത്ത് ഉയർന്നുവന്നിരുന്ന അരോപണങ്ങൾ എന്തെല്ലാമായിരുന്നു;

(ബി) ഈ കമ്പനിക്കെതിരെ കേരളത്തിൽ ഉയർന്നു വന്ന ആരോപണങ്ങൾക്ക് സമാനമായ ആരോപണങ്ങൾ ഉയർന്നുവന്നതിനെ തുടർന്നുള്ള പരിശോധനയിൽ രാജസ്ഥാൻ ഗവൺമെന്റ് കമ്പനിക്കെതിരെ കേസെടുത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മുഖ്യമന്ത്രിയുടെ മുൻ സാമ്പത്തിക ഉപദേഷ്ടാവുൾപ്പെടെയുള്ള നിരവധി പ്രമുഖർ കേസ്സിൽ ഉൾപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് നേരത്തെ ഉയർന്നുവന്ന ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ കേസ്സെടുത്ത് കേന്ദ്ര ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ തയ്യാറാകുമോ;

(ഡി) നിലവിലെ സേവനദാതാവ് ആരെന്നും, ആ സ്ഥാപനത്തിന്റെ ഉടമസ്ഥരുടെ പേരുവിവരവും നൽകാമോ; രാജസ്ഥാൻ സർക്കാർ കേസ്സെടുത്തിരിക്കുന്ന തട്ടിപ്പുകാർ തന്നെയാണ് കേരളത്തിലെ പുതിയ സേവനദാന സ്ഥാപനത്തിന്റെ പുറകിലുമെന്ന ആരോപണത്തെക്കുറിച്ച് അന്വേഷണം നടത്താൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>ഖാദി വ്യവസായമേഖലയിൽ മിനിമം കൂലി</u>

*645 ശ്രീ. ഇ. പി. ജയരാജൻ
,, സി. കൃഷ്ണൻ
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖാദി വ്യവസായമേഖലയിൽ മിനിമം കൂലി നിശ്ചയിച്ച് നടപ്പിലാക്കിയത് ഏത് വർഷം മുതലാണെന്ന് വ്യക്തമാക്കുമോ;

(ബി) മിനിമം കൂലി ഖാദിസ്ഥാപനങ്ങളിൽ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഖാദി തൊഴിലാളികളുടെ പ്രസ്തുത മിനിമം കൂലി പുതുക്കി നിശ്ചിയിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

ഹോമിയോ കോളേജുകളിലെ അടിസ്ഥാന സൗകര്യ വികസനം

*646 ശ്രീമതി കെ.കെ. ലതിക
ശ്രീ. ജി. സുധാകരൻ
,, ബാബു. എം. പാലിശ്ശേരി
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി, ഹോമിയോ കോളേജുകളിൽ നടത്തിയ പരിശോധനകളിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തെല്ലാമായിരുന്നു;

(ബി) സംസ്ഥാനത്തെ ഒരു ഹോമിയോ കോളേജിലേക്കും പ്രവേശനം നൽകാൻ കഴിയാതിരുന്ന സാഹചര്യത്തിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) തൃപ്തികരമായ അടിസ്ഥാന സൗകര്യം ഒരുക്കാനായി ഇതുവരെ എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>ടേർഷ്യറി ക്യാൻസർ കെയർ പദ്ധതി</u>

*647 ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. സാജു പോൾ
,, എ.എം. ആരിഫ്
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടേർഷ്യറി കാൻസർ കെയറിനായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയുടെ വിവരം നൽകാമോ; ഇതുവരെ എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയെന്ന് അറിയിക്കുമോ;

(ബി) അർബുദരോഗ ബോധവൽക്കരണത്തിനും രോഗ നിർണ്ണയത്തിനുമായി പ്രഖ്യാപിച്ച പരിപാടി പ്രാവർത്തികമായോ എന്ന് അറിയിക്കുമോ?

**കേരള നിയമസഭ**
**10.07.2014-ലെ മറുപടിക്ക്**

<u>ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതി</u>

*648 ശ്രീ. എ.റ്റി. ജോർജ്
'' കെ. ശിവദാസൻ നായർ
'' ഹൈബി ഈഡൻ
'' പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) സംസ്ഥാനത്തെ ജലവിഭവ വകുപ്പിന് കീഴിലുള്ള ഡാമുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം സഹായങ്ങളാണ് ലോകബാങ്ക് പ്രസ്തുത പദ്ധതിക്ക് നൽകുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഇ) പദ്ധതി എത്ര വർഷംകൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>തൊഴിൽ മേഖലയിലെ മിനിമം വേതനം</u>

*649 ശ്രീ. അൻവർ സാദത്ത്
,, വി. ഡി. സതീശൻ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിനിമം വേതനം എത്ര തൊഴിൽ മേഖലകളിൽ ഇപ്പോൾ നല്കി വരുന്നുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) മിനിമം വേതനം എത്ര തൊഴിൽ മേഖലകളിലാണ് പുതുക്കി നിശ്ചയിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) മിനിമം വേതനം നൽകാത്ത തൊഴിലുടമകൾക്കെതിരെ എന്തെല്ലാം നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

<u>സ്വാശ്രയ ആർട്ട്സ് & സയൻസ് കോളേജിലെ
വിദ്യാർത്ഥികൾക്ക് ധനസഹായം</u>

*650 ശ്രീ. പി. സി. ജോർജ്
,, എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ.റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ ചേർന്ന് പഠിക്കുന്നതിന് നിലവിൽ എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്നതിന് മേൽ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കു നിലവിൽ ധനസഹായം നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം അടിയന്തരമായി പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

**ശൗചാലയ നിർമ്മാണത്തിന് ധനസഹായം**

*651 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും
വിനോദസഞ്ചാരവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കുടുംബങ്ങൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങളോടുകൂടിയ ശൗചാലയ നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) അർഹരായവരെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ;

(സി) മുൻകാലങ്ങളിൽ വീടുവയ്ക്കാൻ ധനസഹായം ലഭിച്ചിട്ടുള്ളവർക്ക് ഇതിന് അർഹതയുണ്ടാകുമോ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

<u>പകർച്ചപ്പനി തടയാൻ നടപടി</u>

*652 ശ്രീ. ബാബു എം. പാലിശ്ശേരി
,, എളമരം കരീം
,, വി. ശിവൻകുട്ടി
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡെങ്കിപ്പനി, എലിപ്പനി, എച്ച്1 എൻ1 തുടങ്ങിയ മാരകമായ പനികൾ ഉൾപ്പെടെ സംസ്ഥാനത്തു പകർച്ചപ്പനി വ്യാപകമായിക്കൊണ്ടിരിക്കുന്നത് തടയാൻ സർക്കാർ സംവിധാനം പരാജയപ്പെട്ടിട്ടുണ്ടോ; കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) സർക്കാർ ആശുപത്രികളുടെ ശോച്യാവസ്ഥ രോഗവ്യാപനം നിയന്ത്രിക്കുന്നതിൽ പരാജയപ്പെടാൻ കാരണമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) അടിയന്തരമായി താൽക്കാലികാടിസ്ഥാനത്തിൽ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കാനും വിവിധ തലങ്ങളിലുള്ള ആശുപത്രികൾക്ക് മരുന്ന് എത്തിച്ചു നൽകാനും നടപടിയെടുക്കുമോ ;

(ഡി) യഥാസമയം രോഗപ്രതിരോധ പ്രവർത്തനം നടത്താൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

സ്വാശ്രയ നഴ്സിംഗ് കോളേജുകളിലെ പ്രവേശനം

*653 ശ്രീ. എ. പ്രദീപ്കുമാർ
,, എം. എ. ബേബി
,, ജെയിംസ് മാത്യു
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്വാശ്രയ നഴ്സിംഗ് കോളേജുകൾ ഉണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത കോളേജുകളിൽ പ്രവേശനത്തിനായി നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡം എന്താണ്; അതിന്മേൽ സർക്കാരിന് എന്തെങ്കിലും മേൽനോട്ടമുണ്ടോ;

(ബി) പ്രസ്തുത കോളേജുകളിൽ ഫീസ് ഈടാക്കുന്നത് എന്തെങ്കിലും മാനദണ്ഡപ്രകാരമാണോ; സർക്കാർ എന്തെങ്കിലും പരിശോധന നടത്താറുണ്ടോ;

(സി) ആരോഗ്യ സർവ്വകലാശാല ഇപ്രാവശ്യം നടത്തിയ ഒന്നാം വർഷ ബി.എസ്.സി നഴ്സിംഗ് പരീക്ഷയിൽ കൂട്ടത്തോൽവി ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇതിന്റെ അടിസ്ഥാനത്തിൽ ഫാക്കൽറ്റി നിയമനത്തിലും വിദ്യാർത്ഥി പ്രവേശനത്തിലും മാനദണ്ഡമേർപ്പെടുത്താൻ നടപടി സ്വീകരിക്കാമോ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

<u>കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രഗ്സ് സ്റ്റഡീസിന്റെ പഠനം</u>

*654 ശ്രീ. വി. ശിവൻകുട്ടി
,, പി.കെ. ഗുരുദാസൻ
,, എ.കെ. ബാലൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രഗ്സ് സ്റ്റഡീസ്(കിഡ്സ്) എപ്പോഴാണ് ആരംഭിച്ചത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സ്ഥാപനം ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്തെന്നു വെളിപ്പെടുത്തുമോ ;

(സി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാനും ഇവയുടെ ഉപയോഗം, വിതരണം എന്നിവയെക്കുറിച്ച് പഠിക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) കെ.എം.എസ്.സി.എൽ. വിതരണം ചെയ്യുന്ന മരുന്നുകളുടെ നിലവാരത്തെ കുറിച്ച് കിഡ്സ് നടത്തിയ പഠനത്തിന്റെ വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>പമ്പ, അച്ചൻകോവിൽ, വൈപ്പാർ സംയോജനപദ്ധതി</u>

*655 ശ്രീ. എ. എം. ആരിഫ്
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. രാജു എബ്രഹാം
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിൽ പുതിയ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം തമിഴ്നാട് നദീ സംയോജനത്തിനായി സമ്മർദ്ദം ചെലുത്തുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ വിശദമാക്കുമോ;

(ബി) ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളുടെ സർവ്വനാശത്തിനിടയാക്കാനിടയുള്ള പമ്പ, അച്ചൻകോവിൽ, വൈപ്പാർ സംയോജനപദ്ധതി ദേശീയ ജലവികസന ഏജൻസിയെ സ്വാധീനിച്ച് നടപ്പാക്കാനുള്ള ശ്രമം തടയാൻ എന്തൊക്കെ മുൻകരുതൽ എടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഇക്കാര്യത്തിൽ വീഴ്ച ഉണ്ടാകാതിരിക്കാൻ മുൻകരുതൽ എടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ സ്വന്തം നിലയിൽ പ്രവേശിപ്പിക്കൽ</u>

*656 ശ്രീ. റ്റി.വി. രാജേഷ്
,, ജി. സുധാകരൻ
,, പി. ശ്രീരാമകൃഷ്ണൻ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ചിലത് സ്വന്തം നിലയിൽ പ്രവേശനം നടത്തുമെന്ന് അറിയിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണ് എന്നാണ് അറിയിച്ചിരിക്കുന്നത്;

(ബി) ഇവരുമായി ധാരണയിലോ കരാറിലോ എത്തിയശേഷമായിരുന്നോ പ്രസ്തുത സീറ്റുകൾ കൂടി പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിരുന്നത്;

(സി) കരാർലംഘനം നടത്തിയെങ്കിൽ ഇവർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ;

(ഡി) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ സ്വന്തം നിലയിൽ പ്രവേശനം നടത്തി മെരിറ്റ് അട്ടിമറിച്ച് വിദ്യാർത്ഥികളെ കബളിപ്പിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇപ്രകാരം സംഭവിക്കുന്നതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**10.07.2014-ലെ മറുപടിക്ക്**

ജലഗുണനിലവാര പരിശോധന

*657 ശ്രീ. കെ. അച്ചുതൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എം.പി. വിൻസെന്റ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലഗുണനിലവാര പരിശോധന വിപുലമാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയിക്കുമോ; വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിക്ക് ലഭിക്കുന്നത്;

(ഇ) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

<u>മരുന്നുകളുടെ കൃത്രിമക്ഷാമം തടയാൻ നടപടി</u>

*658 ശ്രീ. ഇ. കെ. വിജയൻ
,, പി. തിലോത്തമൻ
,, വി. ശശി
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വില നിയന്ത്രണത്തിന്റെ പട്ടികയിൽപ്പെട്ട ബഹുരാഷ്ട്ര കമ്പനികളുടെ മരുന്നുകൾക്ക് കൃത്രിമക്ഷാമം ഉണ്ടാക്കുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രോഗികൾക്ക് അത്യാവശ്യം വേണ്ട മരുന്നുകൾ വിപണിയിൽ നിന്നും അപ്രത്യക്ഷമായിട്ടുള്ളതായി പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) വില നിയന്ത്രണത്തിന്റെ പട്ടികയിൽ നിന്നും ഒഴിവാക്കിക്കിട്ടുന്നതിനുവേണ്ടി വിപണിയിൽ സൃഷ്ടിച്ചിട്ടുള്ള മരുന്നുക്ഷാമം പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

<u>തൊഴിൽ മേഖലയിലെ മിന്നൽ സമരങ്ങളും അട്ടിമറികൂലിയും</u>

*659 ശ്രീ. സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ മേഖലയിലെ മിന്നൽ സമരങ്ങളും അട്ടിമറി കൂലിയും മറ്റ് ചൂഷണങ്ങളും തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ തൊഴിൽ രംഗം വ്യാവസായിക വളർച്ചയ്ക്ക് അനുകൂലമാക്കുന്നതിനും തൊഴിൽ മേഖലയിൽ നിലനിൽക്കുന്ന അസ്വസ്ഥതകൾ പരിഹരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

<u>അൺ എയ്ഡഡ് അദ്ധ്യാപകർക്ക് മിനിമം വേതനം - നിയമ നിർമ്മാണം</u>

*660 ശ്രീ. ബെന്നി ബെഹനാൻ
,, പാലോട് രവി
,, ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അൺ എയ്ഡഡ് അദ്ധ്യാപകർക്ക് മിനിമം വേതനം ഉറപ്പാക്കുന്നതിനു നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) അൺ എയ്ഡഡ് അദ്ധ്യാപകർ നേരിടുന്ന ചൂഷണം തടയാൻ എന്തെല്ലാം വ്യവസ്ഥകളാണ് നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) നിയമനിർമ്മാണ പ്രക്രിയയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂലൈ 1.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ചട്ടം 47(1)]